ഇതിനു പരിഹാരമായി പ്രോജക്റ്റ് എലിഫന്റ് പദ്ധതി പ്രകാരം പ്രായോഗിക മായ സ്ഥലങ്ങളിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ചെയ്തുവരുന്നു.

(ഡി) ഉണ്ട്. 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആന സംരക്ഷണ പദ്ധതിയിൽ' ഉൾപ്പെടുത്തി 2004-05 വർഷത്തിൽ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനായി 145 ലക്ഷം രൂപ സാമ്പത്തിക സഹായം ആവശ്യമായിവരുന്ന പദ്ധതി കേന്ദ്രസർക്കാ രിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ജൈവ വൈവിധ്യ സംരക്ഷണ ഗ്രാമീണ ജീവനോപാധി സംവർദ്ധിത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥന സർക്കാർ രണ്ട് ഭൂപ്രദേശങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്.

റിമോട്ട് സെൻസിംഗ് ടെക്നിക്

*10 [422] ശ്രീമതി ശോഭനാ ജോർജ്:
„ രാധാ രാഘവൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. എ.ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ വനത്തിന്റെ അന്തർഭാഗങ്ങളിൽ നടത്തപ്പെടുന്ന കഞ്ചാവ് കൃഷി കണ്ടുപിടിക്കുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം വനാന്തർഭാഗത്ത് നടത്തിയ എത്ര ഹെക്ടർ കഞ്ചാവ് കൃഷി നശിപ്പിക്കുവാൻ കഴിഞ്ഞു;

(സി) വനാന്തർഭാഗത്തെ കഞ്ചാവ് കൃഷി കണ്ടെത്തുന്നതിന് റിമോട്ട് സെൻസിംഗ് ടെക്നിക് സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വനപാലകർ വനാന്തരങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തി കഞ്ചാവു കൃഷിചെയ്യുന്ന സ്ഥലങ്ങൾ കണ്ടുപിടിച്ച് കഞ്ചാവുകൃഷി നശിപ്പിക്കുക, കഞ്ചാവുകൃഷി നടത്തുന്ന സ്ഥലങ്ങളെപ്പറ്റി രഹസ്യവിവരം ശേഖരിച്ച് കണ്ടുപിടിക്കുക തുടങ്ങിയ മാർഗ്ഗ ങ്ങളാണ് നിലവിലുള്ളത്.

(ബി) ഏകദേശം 150 ഹെക്ടറിലെ 399000 കഞ്ചാവുചെടികൾ നശിപ്പിക്കുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനാന്തർഭാഗത്ത് കഞ്ചാവുകൃഷി കണ്ടെത്തുന്നതിന് റിമോട്ട് സെൻസിംഗ് ടെക്നിക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നത് പരിശോധിച്ചു വരികയാണ്. ഇതുസംബന്ധിച്ച പഠനത്തിന് സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡാറ്റാ പ്രോസസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പടുത്തിയിട്ടുണ്ട്.

സ്വകാര്യ ഭൂമിയിലെ കാർഷിക വനവൽക്കരണം

*11 [423] ശ്രീ. ഇ. എം. അഗസ്തി :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, കെ. എ. ചന്ദ്രൻ :
ശ്രീമതി മേഴിസി രവി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യഭൂമിയിൽ കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഇതിന് ഏതെല്ലാം തരത്തിലുള്ള പ്രോത്സാഹനങ്ങൾ നൽകും;

(സി) ഇപ്രകാരം സ്വകാര്യഭൂമിയിൽ നട്ടുവളർത്തുന്ന മരങ്ങൾ ഗവൺമെന്റ് വകുപ്പുകളുടെ അനുവാദമില്ലാതെ അൻപത് വർഷത്തേക്ക് വെട്ടുന്നതിനുള്ള അവകാശം പ്രസ്തുത ഭൂമിയുടെ ഉടമസ്ഥനായിരിക്കുമെന്ന് ഉറപ്പ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന പ്രോത്സാഹന പരിപാടികൾ വകുപ്പുതലത്തിൽ ആലോചിക്കുന്നുണ്ട്:

1. കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കും.
2. കാർഷിക വനവൽക്കരണത്തിനുവേണ്ടി കൃഷിക്കാർക്ക് ആവശ്യമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് നൽകുകയും വേണ്ട സാങ്കേതിക വിദ്യ നൽകുകയും ചെയ്യും.
3. കാർഷിക വനവൽക്കരണത്തിന് ഈടുറ്റ സംഭാവനകൾ നൽകിയ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും പ്രോത്സാഹിപ്പിക്കും.
4. കാർഷിക വനവൽക്കരണത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം വളർത്താനുതകുന്ന പദ്ധതികൾ നടപ്പാക്കും.

(സി) താഴെപ്പറയുന്ന മൂന്നിനം സ്വകാര്യഭൂമികളിൽ നട്ടുവളർത്തുന്ന മരങ്ങൾ സർക്കാർ വകുപ്പിന്റെ അനുവാദമില്ലാതെ മുറിക്കുന്നതിന് അനുവാദമില്ല.

LIBRARY ARCHIVES Kerala Legislative Assembly